**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5431** **15-03-2023 - ൽ മറുപടിയ്ക്ക്**

**എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിലെ അസിസ്റ്റൻറ് നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച 25 അസിസ്റ്റന്റ് തസ്തികകളിൽ 21 തസ്തികകളിൽ നിയമനം നടത്തിയെങ്കിലും ശേഷിക്കുന്ന നാല് ഒഴിവുകളിലേക്ക് നിയമനം വൈകുന്നതിന്റെ കാരണം വിശദമാക്കുമോ; | (എ) | 25 തസ്തികകളിലും പി എസ് സി മുഖേന നിയമനം നടന്നു. |
| (ബി) | കേസിൽപ്പെട്ട് കിടക്കുന്ന തസ്തികകളിൽ താൽക്കാലിക പ്രമോഷൻ നൽകി എൻടി കേഡർ പോസ്റ്റുകളിൽ ഒഴിവ് സൃഷ്ടിക്കണമെന്ന സർക്കാർ ഉത്തരവ് നിലനിൽക്കുമ്പോൾ പ്രസ്തുത സ്ഥാപനത്തിൽ ഈ ഉത്തരവ് പാലിക്കപ്പെടുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ? | (ബി) | സർവകലാശാലയിൽ ഒഴിഞ്ഞു കിടക്കുന്ന സൂപ്പർവൈസറി തസ്തികകളിലേക്ക് പ്രൊമോഷൻ നൽകാനായി ആ തസ്തികകളുടെ ഫീഡർ കാറ്റഗറിയിലെ തസ്തികകളിൽ ഉൾപ്പെട്ടവരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ ആദ്യ സ്റ്റാറ്റ്യൂട്ടുകൾ നിലവിൽ വരുന്നതിനു മുൻപ് സർവകലാശാലയിൽ നിയമിക്കപ്പെട്ടവരുടെ സേവന വേതന വ്യവസ്ഥകൾ (പ്രൊമോഷൻ ഉൾപ്പെടെ) ഓർഡിനൻസുകൾ പ്രകാരം അല്ല നിശ്ചയിക്കേണ്ടതെന്ന് ബഹു. ഹൈക്കോടതി വിധിക്കുകയുണ്ടായി. പ്രസ്തുത വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്തിരിക്കുകയാണ്. ആയതിനാൽ പ്രൊമോഷനോ താത്കാലിക പ്രൊമോഷനോ നടത്താൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. |

സെക്ഷൻ ഓഫീസർ